പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *224 27.01.2014 -ലെ മറുപടിക്ക്

രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന

ചോദ്യം

ശ്രീമതി. ഇ. എസ്. ബിജിമോൾ :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി. ഗീതാ ഗോപി :

ശ്രീ. ജി. എസ്. ജയലാൽ :

മറുപടി

ശ്രീ. ഷിബു ബേബി ജോൺ

(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ 'രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന' എന്നുമുതലാണ് ആരംഭിച്ചത് ; നാളിതുവരെ പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചു ; വ്യക്തമാക്കാമോ ;

(എ) 04/07/2008 ലെ ജി.ഒ (പി) 95/2008/തൊഴിൽ നമ്പർ ഉത്തരവു പ്രകാരമാണ് ആർ.എസ്.ബി.വൈ പദ്ധതി നടപ്പിലാക്കിയത്. അന്നു മുതൽ നാളിതു വരെ പദ്ധതിയുടെ ഗുണഭോക്താക്കളായവരുടെയും ചികിത്സ നേടിയവരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം (ലക്ഷത്തിൽ) | ആശുപത്രിയിൽ ചികിത്സ നേടിയവരുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 2008-10 | 11.78 | 1.43 |
| 2010-11 | 18.75 | 3.60 |
| 2011-12 | 28.01 | 7.00 |
| 2012-13 | 28.28 | 7.00 |
| 2013-14 * | 29.74 | 4.26 |

*(ഡിസംബർ വരെയുള്ള കണക്ക്)

(ബി) പ്രസ്തുത പദ്ധതി ഏത് ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കിവന്നത്; ഇതിന്റെ ചുമതലയിൽ നിന്ന് പ്രസ്തുത കമ്പനിയെ മാറ്റിയിട്ടുണ്ടോ ; എങ്കിൽ മാറ്റുന്നതിനുണ്ടായ കാരണങ്ങൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി ആരംഭിച്ച പോളിസി വർഷം 2008-10 മുതൽ 2012-13 വരെ പദ്ധതിയുടെ ഇൻഷ്വറൻസ് പങ്കാളി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയായിരുന്നു. എന്നാൽ 2013-14 വർഷത്തേക്ക് പദ്ധതിയുടെ ഇൻഷ്വറൻസ് പങ്കാളിയാകാൻ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് കഴിയില്ലെന്നറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനെ പദ്ധതി നടത്തിപ്പിനുള്ള ഇൻഷ്വറൻസ് പങ്കാളിയായി തിരഞ്ഞെടുക്കുകയും ചെയ്തു.

(സി) ഒരു പൊതുമേഖലാ കമ്പനിയെ ഒഴിവാക്കി സ്വകാര്യ കമ്പനിക്ക് നല്കിയതുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

(സി) ഇല്ല. ടെൻഡർ നടപടി ക്രമങ്ങൾ കൃത്യവും സുതാര്യവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെയുമാണ് പൂർത്തിയാക്കിയത്.

സെക്ഷൻ ഓഫീസർ